# <u>പിങ്ക് പോലീസ് പട്രോൾ എറണാകുളം റൂറൽ ജില്ലയിലും</u>




സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോട് കൂടി സംസ്ഥാന സർക്കാർ കേരളാപോലീസിലൂടെ നടപ്പിലാക്കുന്ന പദ്ധതിയായ പിങ്ക് പോലീസ് പട്രോൾ സംവിധാനത്തിന്റെ എറണാകുളം റൂറൽ ജില്ലാ തല ഉദ്ഘാടനം ഇന്ന് നടന്നു.

എറണാകുളം റൂറൽ ജില്ലയിൽ ആരംഭിക്കാൻ പൂർണ്ണസജ്ജമായ ഈ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (31.07.2018) വൈകിട്ട് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷന് സമീപം വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയന് ഫ്ലാഗ് ഓഫ് ചെയ്ത് നിർവ്വഹിച്ചു. ബഹു.ആലുവ എം.എൽ.എ ശ്രീ. അൻവർ സാദത്ത്, മുൻ മന്ത്രി. ശ്രീ.ജോസ് തെറ്റയിൽ, സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്, എ.ഡി.ജി.പി സൗത്ത് സോൺ ശ്രീ.അനിൽ കാന്ത് ഐ.പി.എസ്, കൊച്ചി റേഞ്ച് ഐ.ജി ശ്രീ. വിജയ് സാക്കറെ ഐ.പി.എസ്, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.രാഹുൽ.ആർ.നായർ ഐ.പി.എസ് തുടങ്ങിയവരും മറ്റ് ജനപ്രതിനിധികളും, വിശിഷ്ടാതിഥികളും ചടങ്ങിൽ സംബന്ധിച്ചു.

പിങ്ക് പോലീസ് പട്രോളിൽ ഒരു വനിതാ സബ് ഇൻസ്പെക്ടർ, മൂന്ന് വനിതാ പോലീസ് കോൺസ്റ്റബിൾ, ഒരു വനിതാ പോലീസ് ഡ്രൈവർ എന്നിവരാണ് ഡ്യൂട്ടിയിൽ ഉണ്ടാവുന്നത്. തുടക്കത്തിൽ അലുവ കേന്ദ്രികരിച്ചാണ് പട്രോളിംങ് ഉണ്ടാവുക.